LIBRARY ARCHIVES Kerala Legislative Assembly

കയർ വകുപ്പ് മിഷൻ 676 പദ്ധതികൾ

196 (1239) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ വകുപ്പിന് കീഴിൽ മിഷൻ 676 പ്രകാരം പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ പൂർണ്ണമായും നടപ്പിലാക്കിയിട്ടുള്ളവ ഏതൊക്കെയാണ്; അതിനായി ചെലവഴിച്ച തുക എത്ര ;

(ബി) 2014-15 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയതല്ലാത്ത തുക ഇതിനായി കണ്ടെത്തി ഉപയോഗിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വിശദമാക്കാമോ ;

(സി) പദ്ധതി പ്രകാരം പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തവ ഏതൊക്കെയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) മിഷൻ 676 പ്രകാരം പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് വില്ലോയിംഗ്, ന്യൂമാറ്റിക് ജിയോ ടെക്സ്റ്റൈൽസ് എന്നീ മെഷീനുകൾ വികസിപ്പിച്ചെടുത്തുകഴിഞ്ഞു. ഇതിൽ വില്ലോയിംഗ് മെഷീനുവേണ്ടി 4,56,612 രൂപയും ന്യൂമാറ്റിക് ജിയോടെക്സ്റ്റൈൽ ലൂമിനായി 8,36,815 രൂപയും നാളിതുവരെ ചെലവായിട്ടുണ്ട്. ഇതിൽ ന്യൂമാറ്റിക് ജിയോടെക്സ്റ്റൈൽ ലൂമിന്റെ സമർപ്പണം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആലപ്പുഴയിൽ കയർ കേരള 2015-നോടനുബന്ധിച്ച് നിർവ്വഹിക്കുകയുണ്ടായി.

(ബി) ഇല്ല.

(സി) പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത പദ്ധതികൾ :

നാളികേര വികസനബോർഡുമായി സഹകരിച്ചുള്ള ഒരു പ്രോജക്ടിനും തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിനുള്ള ഒരു പുതിയ പദ്ധതിക്കും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതികൾ പൂർണ്ണമായും നടപ്പിൽ വരുത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കയർ ഉൽപ്പന്നങ്ങളുടെ ആഭ്യന്തര വിദേശ വിപണികൾ ശക്തിപ്പെടുത്തുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ വിപണന ഗവേഷണ വിഭാഗം ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്. ഹോം മാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ കണിച്ചുകുളങ്ങരയിൽ കയർ കോമ്പോസിറ്റ് ഫാക്ടറി പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.